മുദ്രാവാക്യങ്ങൾ നാം ഓർമയിൽ വെക്കുക. ഒഴിവുള്ളപ്പോൾ അവയെപ്പററി ആലോചിക്കുക. കഴിവുള്ളേടത്തോളം അവയെ നമ്മുടെ സ്വന്തം ജീവിതത്തിൽ, വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും നടപ്പിൽ വരുത്തുകയുംചെയ്യുക.

(2 ജനവരി, 1983)

# 114. ഇ. എം. കോവൂർ

മലയാളത്തിൽ ആദ്യത്തെ ചെറുകഥ എഴുതിയതു് അജ്ഞാതനാമാക്കളായ ചില ക്രിസ്ത്യൻ പുരോഹിതരോ, കേരളവർമ കോയിത്തമ്പുരാനോ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാരോ, മൂർക്കോത്തു കുമാരനോ മററു വല്ലവരുമോ എന്ന തർക്കം ഇനിയും ഒരു തീർപ്പിലെത്തിയിട്ടില്ല. തുടങ്ങിയതു് എങ്ങനെയായാലും, വ്യതിരിക്തമായ ഒരു സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ പ്രതിഷ്ഠ നേടിയതു് ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ, കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള മുതലായവരുടെ രചനകളിലൂടെയായിരുന്നു.

കഥാസാഹിത്യത്തിലെ ഈ ആദിമാചാര്യന്മാർക്കുശേഷം അല്പകാലത്തേക്കു മലയാളത്തിൽ ചെറുകഥയ്ക്കു പറയത്തക്ക വളർച്ചയൊന്നും ഇല്ലായിരുന്നു എന്നാണു സങ്കല്പം. ഈ മാന്ദ്യത്തിനു് അറുതിവന്നതു് തകഴി, കേശവദേവ്, പൊറെറക്കാട്ട്, പൊൻകുന്നം വർക്കി, കാരൂർ, പി.സി. കുട്ടിക്കൃഷ്ണൻ മുതലായവരുടെ രംഗപ്രവേശത്തോടുകൂടിയാണു്. ഈ സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ, രണ്ടാമതു പറഞ്ഞവരെ 'നവോത്ഥാന കഥാകൃത്തുക്കൾ' എന്നു വിളിച്ചുവരുന്നു.

1983 ഏപ്രിൽ 30-ാം തീയതി തിരുവല്ലായ്ക്കടുത്തു് 'കുററപ്പുഴ' എന്ന സ്ഥലത്തുള്ള സ്വവസതിയിൽവെച്ചു് എഴുപത്തെട്ടാം വയസ്സിൽ നിര്യാതനായ ഇ. എം. കോവൂർ മലയാള ചെറുകഥയിലെ ഈ രണ്ടു തലമുറകളെയും സംയോജിപ്പിക്കുന്ന ഒരു കണ്ണിയായിരുന്നു. മറെറാരു വിധത്തിൽ പറഞ്ഞാൽ, അദ്ദേഹം ആദ്യത്തെ കൂട്ടരെപ്പോലെ കഥയെഴുതിത്തുടങ്ങുകയും രണ്ടാമത്തെ കൂട്ടരെപ്പോലെ എഴുതിനിർത്തുകയുംചെയ്തു.

1906-ൽ തിരുവല്ലായിൽ പ്രശസ്തമായ കോവൂർകുടുംബത്തിൽ പിറന്ന ഐപ്പ് മാത്യു ഇരുപതാം വയസ്സിൽ ബി. എ. ജയിച്ചു് അദ്ധ്യാപകനായിത്തീർന്നു. താമസിയാതെ അദ്ധ്യാപകവൃത്തി ഉപേക്ഷിച്ചു് നിയമം പഠിക്കുകയും, ഇരുപത്തിമൂന്നാം വയസ്സിൽ ആലപ്പുഴയിൽ വക്കീലായി പ്രാക്ടീസ് ആരംഭിക്കുകയുംചെയ്തു. അദ്ദേഹം സാഹിത്യരചന ആരംഭിച്ചതും ഇക്കാലത്തുതന്നെയാണു്. അന്നു് മലയാളത്തിലെ, പ്രത്യേകിച്ചു, ദക്ഷിണകേരളത്തിലെ, സർവാദൃതനായ ഗദ്യസാഹിത്യകാരൻ ഇ.വി. കൃഷ്ണപിള്ളയായിരുന്നു. കോവൂരിന്റെ ആദ്യകാല സാഹിത്യവാസനകളെ രൂപപ്പെടുത്തിയതു് ഇ. വി. കൃഷ്ണപിള്ളയുടെ അഗാധ സ്വാധീനമാണു്. ഇ. വി. യെ തന്റെ മാതൃകയും ആചാര്യനുമായി കോവൂർ തെരഞ്ഞെടുത്തു. ഇതിനു തെളിവാണു് കോവൂരിന്റെ 'ഇ. വി. സ്മരണകൾ'. കോവൂർ ചെറുകഥകൾ എഴുതിത്തുടങ്ങിയതു് ഇക്കാലത്താണു്. ആദിമദ്ധ്യാന്തങ്ങളിണങ്ങിയ ഇതിവൃത്തം, നിർവഹണത്തിൽ അത്ഭുതരസം, ഫലിതം—ഇതാണു് അക്കാലത്തെ ചെറുകഥകളുടെ സാമാന്യസ്വരൂപം.

ചെറുകഥയെന്ന സാഹിത്യരൂപത്തിന്റെ ബഹുജനസ്വാധീനം കണ്ടറിയുകയും, സാമൂഹ്യപരിവർത്തനത്തിനുള്ള ശക്തിയേറിയ ഉപകരണമായി അതിനെ ബോധപൂർവം ഉപയോഗപ്പെടുത്തുകയും ചെയ്തവരാണ് നവോത്ഥാന ചെറുകഥാകൃത്തുക്കൾ. കേരളീയരുടെ ഫ്യൂഡൽ ലൈംഗികസങ്കല്പങ്ങൾ പൊളിച്ചുകളഞ്ഞ്, ഫ്രോയ്ഡും മററും നൽകിയ വെളിച്ചത്തിൽ ആധുനിക (ശാസ്ത്രീയ) ലൈംഗികസങ്കല്പങ്ങൾ പ്രചരിപ്പിക്കാനാണ് തകഴി ആദ്യകാലത്തു മുഖ്യമായും ശ്രമിച്ചത്. കേശവദേവ് തൊഴിലാളിജനവിഭാഗത്തെ സാഹിത്യത്തിലേക്ക കടത്തിക്കൊണ്ടുവന്നു. കത്തോലിക്കാ മതസംഘടനയിലെ ദുരാചാരങ്ങളെ വർക്കി നിർദയം തൊലിയുരിച്ചുകാട്ടി. മലയാളികൾക്ക് അന്ന് അപരിചിതങ്ങളായിരുന്ന വിശാലഭൂഭാഗങ്ങളെയും വിഭിന്ന ജീവിതമേഖലകളെയും പൊറ്റെക്കാട്ട് ചെറുകഥകളുടെ വിഷയമാക്കിയെടുത്തു. ഇഴയടുപ്പവും മിനുപ്പുമുള്ള ഒരു ശില്പം പി.സി. കുട്ടിക്കൃഷ്ണൻ ചെറുകഥയ്ക്കു നൽകി. നിത്യപരിചിതത്തിലെ ശാശ്വതനിഗൂഢത കാരൂർ അനാവരണം ചെയ്തു. നവോത്ഥാന കഥാകൃത്തുക്കളുടെ കൈയിൽ മലയാള ചെറുകഥയ്ക്ക് അപൂർവമായ ഒരു ഗൗരവവും അസാധാരണമായ സൗന്ദര്യവും, ആഴവും മുഴക്കവും കൈവന്നു. മലയാളസാഹിത്യത്തിന്റെ മുഖ്യശാഖ ചെറുകഥയാണെന്നുപോലും വന്നുകൂടി.

ഈ പരിവർത്തനത്തോടൊപ്പം സ്വയം പരിവർത്തിക്കാൻ മാത്രമല്ല കോവൂരിനു കഴിഞ്ഞത്; ചെറുകഥയുടെ പരിവർത്തനത്തെ പൂർണമാക്കുന്നതിൽ സ്വന്തമായ സംഭാവന നൽകുന്നതിനും അദ്ദേഹത്തിന് സാധിച്ചു. അപ്പോഴും അദ്ദേഹം സ്വകീയസവിശേഷതകൾ നിലനിർത്തുകയും ചെയ്തു. ഇടത്തരക്കാരുടെ പൊങ്ങച്ചങ്ങളെ സഹാനുഭൂതി വിടാതെ കളിയാക്കുന്നതിൽ അദ്ദേഹത്തോളം വിജയം നേടിയ മലയാള ചെറുകഥാകൃത്തുക്കൾ വേറെയില്ല. 'ഹണിപുരാണം' എന്ന സമാഹാരത്തിലെ കഥകൾ ഈ കാരണംകൊണ്ടു മലയാളത്തിൽ ഒരു ചെറിയ ക്ലാസിക് തന്നെ ആയിത്തീർന്നിട്ടുണ്ട്.

1961—ൽ ഡിസ്ട്രിക്റ്റ് ജഡ്ജിയുടെ പദവിയിൽനിന്ന് അദ്ദേഹം വിരമിച്ചു. തുടർന്ന് എഫ്. എ. സി. റ്റി—യുടെ പ്രസിദ്ധീകരണവിഭാഗത്തിൽ ഒരു ഉപദേഷ്ടാവായി കോവൂർ നിയമിക്കപ്പെട്ടു. ഇന്ത്യയിൽ വളന്നുവരുന്ന പുതിയ മുതലാളിവർഗവുമായി പരിചയപ്പെടാൻ ഈ ജോലി അദ്ദേഹത്തിനു സൗകര്യം നൽകിയിരിക്കണം. 'കാട്', 'കൊടുമുടികൾ' മുതലായ നോവലുകൾ എഴുതാൻ അദ്ദേഹത്തെ സഹായിച്ചതു് ഈ പരിചയമാണ്. മക്കൾ ജോലിയെടുക്കുന്ന അമേരിക്കയിലേക്കുള്ള ഒരു ഹ്രസ്വസന്ദർശനമാണ് 'ഗൃഹജീവികൾ' എന്ന നോവലിന്റെ രചനയ്ക്കു പ്രചോദനം നൽകിയതു്. പതിനാറു ചെറുകഥാസമാഹാരങ്ങളും, ഒമ്പതു നോവലുകളും നാലു് ഫലിതലേഖനസമാഹാരങ്ങളും മൂന്നു നാടകങ്ങളും രണ്ടു ജീവചരിത്രങ്ങളും 'പബ്ലിക് റിലേഷൻസി'നെപ്പററി കേരളഭാഷാ ഇൻസ്റ്റിററ്യൂട്ട് പ്രസിദ്ധീകരിച്ച ഒരു പുസ്തകവുമടക്കം മുപ്പത്തഞ്ചു കൃതികൾ അദ്ദേഹത്തിൽനിന്ന് മലയാളസാഹിത്യത്തിനു ലഭിച്ചിട്ടുണ്ട്.

1957—ൽ ലേബർ ട്രൈബ്യൂണിൽ ആയി കോവൂർ കോഴിക്കോട്ടു നിയമിക്കപ്പെട്ടു. ഇതിനുശേഷമാണ് അദ്ദേഹവുമായി അടുത്ത് ഇടപെടാൻ എനിക്ക് അവസരം ലഭിച്ചതു്. ഞാൻ അന്നു താമസിച്ചിരുന്ന 'ഗോഡൗണി'ന്റെ അടുത്തുതന്നെയായിരുന്നു കോവൂരിന്റെ പാർപ്പിടം. കുട്ടികൾ ഏറെക്കുറെ മുതിർന്നുകഴിഞ്ഞിരുന്നതിനാൽ കോവൂരിനു കുടുംബത്തിൽ അല്ലലൊന്നും ഇല്ലായിരുന്നു. ലേബർ ട്രൈബ്യൂണൽ എന്ന നിലയിൽ ഔദ്യോഗികജോലിയും, അദ്ദേഹം പറഞ്ഞതു വിശ്വസിക്കാമെങ്കിൽ, ചുരുക്കമായിരുന്നു. രാവിലെ നടത്തത്തിനു് ഇറങ്ങിയാൽ

എന്റെ വീട്ടിൽ വന്നിരുന്നു വളരെനേരം സംസാരിക്കുക അദ്ദേഹത്തിന്റെ പതിവായി. വലിയൊരു സംഭാഷണവിദഗ്ധനായിരുന്നു കോവൂർ. ഈ വിഷയത്തിൽ അദ്ദേഹം പി. സി. കുട്ടികൃഷ്ണന്റെ (ഉറൂബിന്റെ) തൊട്ടടുത്തു നില്ക്കുന്നു. ഏതാണ്ട് ഇരുപതു വർഷംമുമ്പു മുൻസിഫായിരുന്ന കാലത്തുതന്നെ കോവൂർ പൊറെറക്കാട്ടിന്റെ സുഹൃത്തായിരുന്നു. അങ്ങനെ പൊറെറക്കാട്ടിന്റെ എല്ലാ പരിചിതരും കോവൂരിന്റെയും പരിചിതരായിക്കഴിഞ്ഞിരുന്നു. ഇതു നിമിത്തം ഞങ്ങൾക്കു സംസാരിക്കാൻ ധാരാളം വിഷയങ്ങളുമുണ്ടായിരുന്നു. 'ഹണിപുരാണ'വും 'അയ്യർ ആൻഡ് അയ്യരും' മററും ഈ കാലത്ത് എഴുതപ്പെട്ടവയാണ്. കോഴി കൂവിയില്ലെങ്കിലും സൂര്യൻ ഉദിക്കുമായിരിക്കാം. എങ്കിലും സൂര്യൻ ഉദിച്ചത് താൻ കൂവിയതുകൊണ്ടാണെന്ന് അഭിമാനിക്കാൻ കോഴിക്ക് അവകാശമുണ്ടല്ലോ. കോവൂരിന്റെ ഈ കഥകളുടെയും 'കൊടുമുടികൾ', കാട്'' മുതലായ നോവലുകളുടെയും നിർമാണത്തിന് എന്റെ നിർബന്ധം മുഖ്യകാരണമായിരുന്നു എന്നാണ് എന്റെ അഭിമാനം.

ജോലി കോഴിക്കോട്ട് അല്ലാതായശേഷവും കോവൂർ ഇടയ്ക്കിടെ കോഴിക്കോട്ടു വരാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരി കോഴിക്കോട്ടെ ഒരു പ്രശസ്ത സാമൂഹ്യപ്രവർത്തക ആയിരുന്നതാണ് ഒരു കാരണം. രണ്ടാമത്തെ കാരണം തുഞ്ചൻസ്മാരകസമിതിയിലും റൂറൽ ഇൻസ്റ്റിററ്യൂട്ടിന്റെ പ്രവർത്തകസമിതിയിലും മററും അദ്ദേഹത്തിനുണ്ടായിരുന്ന അംഗത്വമായിരുന്നു. കോഴിക്കോട്ടുള്ള അദ്ദേഹത്തിന്റെ സുഹൃദ്‌വലയവും ഈ സന്ദർശനങ്ങൾക്കു കാരണമായിരുന്നിരിക്കാം.

സർവ്വീസിൽനിന്നു വിരമിച്ചശേഷം ഒരിക്കൽ കോഴിക്കോട്ടു വന്നപ്പോൾ, അദ്ദേഹം പിന്നീട് എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് ഞാൻ കോവൂരിനോടു ചോദിച്ചു. 'ഒരു നിശ്ചയവുമില്ല' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. ആധുനികവ്യവസായത്തെ സംബന്ധിച്ച 'ഓർഗനൈസേഷൻ മാൻ' എന്ന പ്രശസ്ത പുസ്തകം അപ്പോൾ ഞാൻ വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. കോവൂർ അതു വാങ്ങിക്കൊണ്ടുപോയി; ഏതാനും മാസങ്ങൾക്കുശേഷം വായിച്ചുപഠിച്ച് ഹൃദിസ്ഥമാക്കി, തിരിച്ചുതരികയുംചെയ്തു. എഫ്. എ. സി. ടി.യിൽ ഉപദേഷ്ടാവായി നിയമനം ലഭിക്കുന്നതിന് അദ്ദേഹത്തെ സഹായിച്ചതു പ്രധാനമായും ഈ പുസ്തകമാണെന്നു പിന്നീട് അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ട്. 'ബിഗ് ബിസിനസ്സ്'മായി അദ്ദേഹത്തിനുണ്ടായ ഈ പരിചയത്തെ, 'പബ്ലിക് റിലേഷൻസ്'' സംബന്ധിച്ച ഒരു ഗ്രന്ഥം അദ്ദേഹത്തെക്കൊണ്ട് എഴുതിച്ചു വാങ്ങുന്നതിനു ഞാൻ പില്ക്കാലത്ത് ഉപയോഗപ്പെടുത്തി. മലയാളത്തിൽ ഈ വിഷയത്തിൽ ആദ്യത്തെ ഗ്രന്ഥകാരൻ കോവൂർ ആകുന്നു.

ഏതാണ്ട് അഞ്ചു വർഷംമുമ്പ് ഡോ. കെ. എം. ജോർജും ഞാനും ചേർന്ന് കുററപ്പുഴയിലെ വീട്ടിലെത്തി അദ്ദേഹത്തെ കാണുകയുണ്ടായി. ഈ വീട്ടിൽ അതിനുമുമ്പും പലതവണ ഞാൻ പോയിട്ടുണ്ട്. ഞങ്ങൾ സന്ദർശിക്കുന്ന കാലത്തുതന്നെ കോവൂരിന് സുഖമില്ലാതായിക്കഴിഞ്ഞിരുന്നു. ഓർമയില്ലായ്മയായിരുന്നു അദ്ദേഹത്തിന്റെ സുഖക്കേട്. വളരെ ആഹ്ലാദത്തോടെ അദ്ദേഹം എന്നെ മുറുകെ ആലിംഗനംചെയ്തു. എന്റെ കുടുംബകാര്യങ്ങൾ അന്വേഷിച്ചു. ഒരേ ചോദ്യംതന്നെ വീണ്ടും വീണ്ടും ചോദിച്ചു. കെ. പി. കേശവമേനോൻ അന്നു ജീവിച്ചിരിപ്പുണ്ടായിരുന്നു. കേശവമേനോനെപ്പററി സംസാരിക്കെ കോവൂരിനു പഴയ വാചാലത തിരിച്ചുകിട്ടി. തന്റെ സുഹൃത്തുക്കളായ കേശവദേവിന്റെയും തകഴിയുടെയും സ്വകാര്യ വ്യക്തിത്വങ്ങളെ അദ്ദേഹം നിപുണമായി തുലനം

ചെയ്തു. തുടർന്ന് അദ്ദേഹം പറഞ്ഞു: 'ഇവിടെ പലരും വരും. ആർക്കും സാഹിത്യത്തിലോ പൊതുക്കാര്യങ്ങളിലോ താല്പര്യമില്ല. എല്ലാവരും വരുന്നതു ചെറിയ സ്വാർത്ഥങ്ങൾ നേടാനാണ്. അവരുടെ മുമ്പിൽ ഞാൻ ഒന്നും ഓർമയില്ലാത്തവനെപ്പോലെ നടിക്കുകയാണ്. 'എനിക്ക് ഓർമ തികച്ചുമുണ്ട്.' രണ്ടു മണിക്കൂർ പല കാര്യങ്ങളെപ്പററി സംസാരിക്കുകയും അനസ്യൂതമായി പൊട്ടിച്ചിരിക്കുകയും ചെയ്തുകഴിഞ്ഞപ്പോൾ, തന്റെ ഓർമയെപ്പററി അദ്ദേഹം പറഞ്ഞതു ശരിയാണെന്ന് എനിക്കു തോന്നി. എങ്കിലും, സ്വന്തം പുസ്തകങ്ങളുടെ പേരു പറയാൻപോലും അദ്ദേഹത്തിനു കഴിയുന്നില്ലെന്നു ഞാൻ കണ്ടു.

അങ്ങനെ, അദ്ദേഹം തന്റെ ബുദ്ധിപരമായ പ്രവർത്തനങ്ങളിൽനിന്നു വിരമിച്ചിട്ട് ഏതാനും വർഷങ്ങളായി. ഇപ്പോൾ ജീവിക്കുക എന്ന ഭൗതികപ്രവർത്തനവും കോവൂർ അവസാനിപ്പിച്ചിരിക്കുന്നു. മെയ് 1-ാം തീയതി വൈകുന്നേരം, കുററപ്പുഴ യറുശലേം മർത്തോമ്മാപ്പള്ളി സെമിത്തേരിയിൽ അദ്ദേഹത്തിന്റെ ശരീരം സംസ്കാരകേരളത്തിന്റെ ആദരാഞ്ജലികളോടെ സംസ്കരിക്കപ്പെട്ടു. അദ്ദേഹവുമായി അടുത്ത് ഇടപെടാൻ അവസരം ലഭിച്ചവർ ആഹ്ലാദകരമായ ആ വ്യക്തിത്വത്തെപ്പററിയുള്ള ഓർമകൾ ഇനിയും വളരെക്കാലം പുലർത്തും. അദ്ദേഹത്തിന്റെ നോവലുകളും ചെറുകഥകളും നർമോപന്യാസങ്ങളും മററു രചനകളും മലയാളസാഹിത്യവും മലയാളഭാഷയും ഉള്ളകാലത്തോളം നിലനിൽക്കുകയും ചെയ്യും.

പ്രിയപ്പെട്ട ഈ ജ്യേഷ്ഠസുഹൃത്തിനു സ്നേഹോഷ്മളമായ അന്ത്യപ്രണാമം!

(3 മെയ്, 1983)

# 115. ചീഫ് ജസ്റ്റീസ് ശ്രീ സുബ്രഹ്മണ്യൻ പോററി

'ഒരാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യമാണ് അയാൾ ഏററവും അധികം' വിലമതിക്കേണ്ട മൗലികാവകാശം. ഈ കേസ്സിലെന്നപോലെ, സ്റ്റേററിലെ പോലീസ് സേനയുടെ പിന്തുണയുള്ള അധികൃതന്മാർ ഒരാളെ നിയമവിരുദ്ധമായി കസ്റ്റഡിയിലെടുത്തുകൊണ്ട് അയാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിൽ കൈകടത്തിയതായി ഞങ്ങൾക്കു ബോദ്ധ്യം വന്നാൽ, ആ വ്യക്തിയെ സ്വതന്ത്രനാക്കുന്നതിനുവേണ്ടി ഈ കോടതിക്ക് അതിന്റെ അധികാരം പ്രയോഗിക്കുവാൻ ഒരു സാദ്ധ്യതയുമില്ലെന്നു തെളിയിക്കപ്പെടാത്തപക്ഷം, ഞങ്ങൾ അടങ്ങിയിരിക്കുകയില്ല. അനുചിതമായ പ്രവൃത്തി ചെയ്ത ഏതെങ്കിലും ഉദ്യോഗസ്ഥന്റെമേൽ എന്തെങ്കിലും ശിക്ഷ ചുമത്തുകയല്ല ഞങ്ങളുടെ ഉദ്ദേശ്യമെന്ന് ആവർത്തിച്ചുകൊള്ളട്ടെ. മറിച്ച്, മനുഷ്യസ്വാതന്ത്ര്യത്തിന് എവിടെയെവിടെ, എപ്പോഴെപ്പോൾ, ഗുരുതരമായ ഭീഷണി നേരിടുന്നുവോ, അവിടെയവിടെ, അപ്പോഴപ്പോൾ, സ്വാതന്ത്ര്യത്തിന്റെ കാവല്ക്കാർ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് ഈ രാജ്യത്തിലെ ഏററവും ഉയർന്ന നീതിപീഠത്തിനുള്ള ഉത്തരവാദിത്തത്തെ ഭക്ത്യാദരങ്ങളോടെ ഓർമിച്ചുകൊണ്ട്, പൗരന്മാരുടെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കാൻവേണ്ടി ഈ കോടതിയിൽ